വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, നബാർഡിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിന് പുനർ വായ്പാ സഹായം നിർത്തൽ ചെയ്തതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഹ്രസ്വകാല കാർഷിക വായ്പ ഉൾപ്പെടെ യാതൊരു ലോണുകളും കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന് ഇപ്പോൾ ലഭിക്കുന്നില്ല എന്ന് കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിരിക്കുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 8.5 ശതമാനം പലിശ നിരക്കിൽ ജില്ലാ ബാങ്കുകൾക്ക് ലഭിക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ 9.5 ശതമാനം പലിശ നിരക്കിലാണ് പ്രാഥമിക സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യേണ്ടത്. എന്നാൽ മേൽപ്പറഞ്ഞ നിരക്കിൽ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന് ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നില്ല. ഹ്രസ്വകാല കാർഷിക വായ്പയായി കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് പ്രാഥമിക ബാങ്കുകൾക്ക് വിതരണം ചെയ്ത വായ്പയിൽ 25-1-2001-ന് 101.36 കോടി രൂപയാണ് ബാക്കി നിൽക്കുന്നത്. ഈ ഇനത്തിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന് ലഭിച്ച വായ്പയിൽ ബാക്കി അടയ്ക്കുവാൻ നിൽക്കുന്നത് 16.80 കോടി രൂപ മാത്രമാണ്. കൂടിയ നിരക്കിലുള്ള മറ്റു ഫണ്ടുകൾ കുറഞ്ഞ നിരക്കിലുള്ള കാർഷിക വായ്പയായി ബാങ്ക് നൽകിയിട്ടുണ്ട്. കൂടാതെ മിനിമം ഇൻവോൾവ്മെന്റ് തുകയായി കണ്ണൂർ ജില്ലാ ബാങ്കിന് നബാർഡ് നിശ്ചയിച്ചിട്ടുള്ളത് 69.38 കോടി രൂപയാണ്. എന്നാൽ ഈ തുക പുനർവായ്പയായി നബാർഡ് നൽകിയിട്ടില്ല. എന്നിരുന്നാലും ജില്ലാ ബാങ്ക് ഹ്രസ്വകാല കാർഷിക വായ്പയായി മൊത്തം 84.56 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം ജില്ലാ ബാങ്ക് ഹ്രസ്വകാല കാർഷിക വായ്പയായി സ്വന്തം ഫണ്ട് വിതരണം ചെയ്തിരിക്കുന്നു എന്ന് വ്യക്തമാകുന്നു. അത്യാവശ്യഘട്ടങ്ങളിൽ ഇപ്പോൾ ജില്ലാ ബാങ്കിന് സംസ്ഥാന സഹകരണ ബാങ്ക് 13 ശതമാനം പലിശ നിരക്കിലാണ് വായ്പ നൽകുന്നത്. ആയതിനാൽ ഈ നിരക്കിൽ കുറഞ്ഞ ജില്ലാ ബാങ്കിന് വായ്പ അനുവദിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഈ സാഹചര്യത്തിലാണ് അനുവദനീയമായ മാർജിൻ പോലും എടുക്കാതെ 14-12-2000-ന് ശേഷം പ്രാഥമിക ബാങ്കുകൾക്ക് ഹ്രസ്വകാല കാർഷിക വായ്പയായി വിതരണം ചെയ്ത തുകയ്ക്ക് 13 ശതമാനം പലിശ നിരക്ക് നടപ്പിലാക്കുന്നതിന് ബാങ്ക് നിർബന്ധിതമായിട്ടുള്ളത് എന്നാണ് മനസ്സിലാകുന്നത്. ഹ്രസ്വകാല കാർഷിക വായ്പക്ക് കുറഞ്ഞ നിരക്കിൽ തന്നെയാണ് പലിശ ഈടാക്കേണ്ടത്. ഇതിനനുസൃതമായിട്ടുള്ള നടപടികൾ സംസ്ഥാന ജില്ലാ ബാങ്കുകളെക്കൊണ്ട് സ്വീകരിപ്പിക്കുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

(8) കാസർഗോഡ് ജില്ലയിലെ വൈദ്യുതി ക്ഷാമം

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്ത് ഏറ്റവും അധികം വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന ജില്ലയാണ് കാസർഗോഡ് ജില്ല. പണി നടന്നു വരുന്ന വൈദ്യുത പദ്ധതികളും സബ് സ്റ്റേഷനുകളും പുതിയ ട്രാൻസ്ഫോർമറുകളും ലൈൻ വലിക്കുന്ന പ്രവർത്തനങ്ങളും എത്രയും വേഗത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. ഏകദേശം 12 വർഷം മുമ്പ് പണിയാരംഭിച്ച മുള്ളേരിയിൽ സബ്സ്റ്റേഷന്റെ പണി ഇന്നും പൂർത്തിയാകെ കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എത്രയും വേഗത്തിൽ അതു പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. പുതിയ വൈദ്യുത പദ്ധതികളും സബ് സ്റ്റേഷനുകളും പുതിയ ട്രാൻസ്ഫോർമറുകളും ലൈൻ വലിക്കുന്ന പ്രവർത്തികളും ഉടനെ ആരംഭിക്കണം. അതോടൊപ്പം തന്നെ എൻജിനീയർമാർ അടക്കം നിരവധി ജീവനക്കാരുടെ ഒഴിവുകൾ കാസർഗോഡ് ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിൽ നിലനിൽക്കുകയാണ്. എത്രയും വേഗത്തിൽ ആ ജീവനക്കാരുടെ ഒഴിവുകൾ നികത്താനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. മെറ്റീരിയൽസില്ലാതെ പല പണികളും യഥാസമയം പൂർത്തിയാക്കാൻ കഴിയുന്നില്ല. ആവശ്യമായ മെറ്റീരിയൽസ് അടിയന്തിരമായി എത്തിക്കണം. മീറ്റർ റീഡിംഗ് മാസാമാസം എടുക്കണം. കേടു വന്നതും പഴയതുമായ മീറ്ററുകൾ മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിക്കണം. മീറ്ററുകൾ കേടു വന്നാൽ ഉപഭോക്താക്കളിൽ നിന്ന് വലിയ തുക ഫൈൻ ഈടാക്കുന്നത് ശരിയായ നടപടിയല്ല. അതു ഉപഭോക്താക്കളുടെ കുറ്റമല്ല. ഭീമമായ തുകയാണ് ഇത്തരത്തിലുള്ള ഫൈൻ മൂലം ഈടാക്കുന്നത്. അതുകൊണ്ട് എത്രയും വേഗത്തിൽ അതിനു പരിഹാരം ഉണ്ടാക്കണം. അഡീഷണൽ ബില്ലുകൾ പലതും അമിതവും അശാസ്ത്രീയവുമാണ്. അതുകൊണ്ട് യഥാർത്ഥത്തിൽ കറന്റ് ഉപയോഗിച്ചതിനുമാത്രം ചാർജ്ജ് ഈടാക്കണം. അതോടൊപ്പം തന്നെ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ കാലതാമസം വരുന്നുണ്ട്. കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം. ധർമ്മ സ്ഥാപനങ്ങൾക്ക് വിദ്യുച്ഛക്തി ചാർജ്ജിൽ ഇളവ് അനുവദിക്കണം. ജില്ലയിലെ വിവിധ ഓഫീസുകളിൽ ഉപഭോക്താക്കളുടെയും അപേക്ഷകരുടെയും എണ്ണം വർദ്ധിച്ചതിനാൽ ഇപ്പോൾ വർക്ക് ലോഡ് കൂടുതലാണ്. അതുകൊണ്ട് മേജർ ഓഫീസുകളുടേയും സെക്ഷൻ ഓഫീസുകളുടെയും എണ്ണം കുറച്ചുകൂടി കൂട്ടണം. കുടിവെള്ളക്ഷാമം ജില്ലയിൽ ഏറ്റവും കൂടുതലായിരിക്കുകയാണ്. പല മോട്ടോറുകൾക്കും കണക്ഷൻ കിട്ടാത്തതിന്റെ ഫലമായി കുടിവെള്ളം വിതരണം ചെയ്യാൻ കഴിയുന്നില്ല. അടിയന്തിരമായും പ്രസ്തുത മോട്ടോറുകൾക്ക് വിദ്യുച്ഛക്തി കണക്ഷൻ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അങ്ങനെ കുടിവെള്ളക്ഷാമം പരിഹരിച്ച് കാസർഗോഡ് ജില്ലയോട് നീതി കാണിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കാസർഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഉല്പാദന പ്രസരണ വിതരണ മേഖലകളിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി മൈലാട്ടിയിൽ 20 മെഗാവാട്ട് ശേഷിയുള്ള ഒരു സ്വകാര്യ താപവൈദ്യുതി നിലയം 'കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ്' എന്ന സ്ഥാപനം പൂർത്തീകരിച്ചുവരുന്നു. ഈ നിലയം 2001 മാർച്ചോടെ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഈ നിലയത്തിൽ നിന്നും 140 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. 107 മെഗാവാട്ട് ശേഷിയുള്ള മറ്റൊരു വൈദ്യുതി നിലയം സ്ഥാപിക്കുവാനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ മുഴുവൻ

110 കെ. വി. സബ്സ്റ്റേഷന്റെ പണി പുരോഗമിച്ചു വരുന്നു. സബ്സ്റ്റേഷനിലേക്കുള്ള 110 കെ. വി. ലൈനിന്റെ നിർമ്മാണം കോടതി വ്യവഹാരത്താൽ നിർത്തി വെച്ചിരുന്നെങ്കിലും വ്യവഹാരങ്ങളിൽ കോടതി തീർപ്പ് കൽപ്പിച്ചതിനാൽ ലൈൻ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. ലൈൻ പണി പൂർത്തീകരിച്ച് സബ്സ്റ്റേഷൻ പ്രവർത്തിപ്പിക്കാനുള്ള സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നാദാപുരത്ത് ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ഇവ കൂടാതെ റൂറൽ ഇല്ക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ സഹായത്തോടെ ഒരു 110 കെ. വി. സബ്സ്റ്റേഷൻ പണിയുവാനും നിലവിലുള്ള മൂന്നു 110 കെ. വി. സബ്സ്റ്റേഷനുകളിൽ 16 എം.വി.എം. ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും എട്ട് 33 കെ.വി. സബ്സ്റ്റേഷൻ പണിയുവാനുമുള്ള പദ്ധതികൾക്കും രൂപം കൊടുത്ത് നടപ്പിലാക്കിവരുന്നു. ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം 2001-2002 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിതരണ ശൃംഖലയിൽ കാസർഗോഡ് ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ രൂപം കൊടുത്തിട്ടുള്ള 272 വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളിൽ 82 എണ്ണവും സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിലുള്ള 76 പദ്ധതികളിൽ 41 എണ്ണവും പൂർത്തീകരിച്ച് 25 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിച്ച പണികൾ എത്രയും പെട്ടെന്ന് ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ വിവരിച്ച താപവൈദ്യുതി നിലയങ്ങളും പ്രസരണ വിതരണ ശൃംഖലകളിലെ പദ്ധതികളും പ്രവർത്തന സജ്ജമാകുമ്പോൾ കാസർഗോഡ് ജില്ലയിലെ ഇപ്പോൾ അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമത്തിന് ഗണ്യമായ മാറ്റം ഉണ്ടാകുന്നതാണ്. കേടായ മീറ്ററുകൾ സംസ്ഥാനമൊട്ടാകെ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്പോട്ട് ബില്ലിംഗ് എല്ലാ സെക്ഷനിലും നടപ്പാക്കുന്നതിനാൽ കട്ട് ഓഫ് റീഡിംഗ് എടുത്ത് ബില്ല് ചെയ്തിട്ടുള്ളവർക്ക് ഇനി മുതൽ അഡീഷണൽ ബില്ലുകളുടെ പ്രശ്നം ഉദിക്കുന്നില്ല. കാർഷികാവശ്യത്തിന് കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ഈ വിഭാഗത്തിന് മുൻഗണന നൽകുന്നുണ്ട്. ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ധർമ്മസ്ഥാപനങ്ങൾക്ക് ഇപ്പോൾ തന്നെ എൽ.ടി. VI 'ഡി' വിഭാഗത്തിൽപ്പെടുത്തി താരിഫിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(9) നീതി മെഡിക്കൽ സ്റ്റോർ ജീവനക്കാരുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എം. വി. ജയരാജൻ : സർ, നീതി മെഡിക്കൽ സ്റ്റോർ പദ്ധതി വളരെ യേറെ മഹത്തായ ഒരു ലക്ഷ്യത്തോടുകൂടി കേരളത്തിലെ ഗവൺമെന്റ് 1998-ൽ ആരംഭിച്ചതാണ്. മരുന്നുകൾക്ക് 40 ശതമാനവും 60 ശതമാനവും വരെ വിലക്കുറവ് നീതി മെഡിക്കൽ സ്റ്റോറുകളിലുണ്ട്. ഇത് മറ്റു മെഡിക്കൽ സ്റ്റോറുകളിലെ വിലയുമായി താരതമ്യം ചെയ്താൽ നമുക്ക് മനസ്സിലാകും. ഈ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ചില പ്രശ്നങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. കരാർ ദിവസക്കൂലി ജീവനക്കാരെ സ്ഥിരപ്പെടുത്തുക, അവരുടെ സേവനവേതന വ്യവസ്ഥകൾ

LIBRARY ARCHIVES Kerala Legislative Assembly